**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5475** **15-03-2023 - ൽ മറുപടിയ്ക്ക്**

**യാത്രാ ഫ്യൂവൽസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | യാത്രാ ഫ്യൂവൽസ് പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് നാളിതുവരെ എത്ര രൂപ ലാഭം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | യാത്രാ ഫ്യൂവൽസ് പദ്ധതിയിലൂടെ 2021 സെപ്റ്റംബർ മുതൽ 2023 ജനുവരി മാസം വരെ 20.38 കോടി രൂപയുടെ ലാഭം (ജീവനക്കാരുടെ വേതനം ഒഴികെ) യാത്രാ ഫ്യൂവൽസ് കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>വൻകിട ഉപഭോക്താക്കൾക്ക് (Bulk consumers) കേന്ദ്ര പൊതുമേഖലാ എണ്ണ കമ്പനികൾ ഡീസൽ നൽകിവന്നിരുന്നത് പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്കായിരുന്നു. എന്നാൽ 2022 ഫെബ്രുവരി മുതൽ വൻകിട ഉപഭോക്താക്കൾക്കുള്ള ഡീസലിന്റെ വില ക്രമാതീതമായി വർദ്ധിപ്പിക്കുകയുണ്ടായി. 2022 ജനുവരിയിൽ ലിറ്ററിന് 84.74 രൂപയ്ക്ക് ലഭിച്ചു കൊണ്ടിരുന്ന ഡീസലിന്റെ വില ക്രമാതീതമായി വർദ്ധിച്ച് ഒരു ഘട്ടത്തിൽ ലിറ്ററിന് 138.46 രൂപവരെ എത്തുകയും വിപണി വിലയേക്കാൾ ലിറ്ററിന് 41.94 രൂപവരെ അധികം നൽകേണ്ട സ്ഥിതി സംജാതമാകുകയും ചെയ്തിരുന്നു. ഇത് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി വളരെ രൂക്ഷമാക്കിയിരുന്നു. ഈ അവസരത്തിൽ നമ്മുടെ സ്ഥാപനത്തിന് പിടിച്ചു നില്ക്കുവാൻ സാധിച്ചത് യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് ഇന്ധന വിതരണം സാധ്യമായതുകൊണ്ടു മാത്രമാണ്. ഇപ്രകാരം 18/2/2022 മുതൽ 2023 ജനുവരി വരെ ഏകദേശം 163 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | യാത്രാ ഫ്യൂവൽസിലെ ജീവനക്കാർക്ക് ഏത് സ്ഥാപനത്തിൽ നിന്നാണ് ശമ്പളം നൽകുന്നത്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരെയാണ് യാത്രാ ഫ്യൂവൽസിൽ നിയോഗിച്ചിരിക്കുന്നത്. അതിലെ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി.യിൽ നിന്നാണ് ശമ്പളം നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | യാത്രാ ഫ്യൂവൽസ് പദ്ധതി ഏതൊക്കെ ഡിപ്പോകളിലാണ് ആരംഭിച്ചിട്ടുള്ളതെന്നും കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ? | (സി) | തിരുവനന്തപുരം സിറ്റി, ചടയമംഗലം, കിളിമാനൂർ, ചേർത്തല, മൂന്നാർ, മൂവാറ്റുപുഴ, ചാലക്കുടി, കോഴിക്കോട്, നോർത്ത് പറവൂർ, മാവേലിക്കര, തൃശ്ശൂർ, ഗുരുവായൂർ, വികാസ് ഭവൻ എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലാണ് യാത്രാ ഫ്യൂവൽസ് പദ്ധതി നിലവിൽ ആരംഭിച്ചിട്ടുള്ളത്. പൊൻകുന്നം, പെരുമ്പാവൂർ എന്നീ ഡിപ്പോകളിൽ കൂടി ഔട്ട്ലെറ്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.<br><br>ഇപ്രകാരം സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി ഘട്ടം ഘട്ടമായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ